## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

## തീരദേശ പോലീസ് സേനയിൽ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1825 1/2/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2017 ഡിസംബർ 6 ലെ സർക്കാർ ഉത്തരവിൽ പ്രഖ്യാപിച്ച പ്രകാരം തീരദേശ പോലീസ് സേനയിൽ പുതുതായി റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന നൽകുന്നതിനായി ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ടി ആശ്രിതർക്ക് മുൻഗണന നൽകി നിയമനം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിയമനം സംബന്ധിച്ച് ശ്രീ.രമൺ ശ്രീവാസ്തവ അദ്ധ്യക്ഷനായ സമിതിയുടെ ശിപാർശ അനുസരിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിൽ ചട്ടത്തിൽ ഭേദഗതി വരുത്തുവാനും, സേനയിലെ ഒഴിവുകൾ നീക്കിവയ്ക്കാനോ തീരുമാനിച്ചിട്ടില്ല. |
| (ബി) | തീരദേശ പോലീസ് സേനയിൽ എത്ര ശതമാനം ഒഴിവുകളാണ് മേൽപറഞ്ഞ വിഭാഗത്തിന് നീക്കിവെയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | |
| (സി) | കേരളത്തിലെ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സേനയിൽ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എപ്രകാരമായിരിക്കും? | (സി) | 'ഓഖി' ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിഴിഞ്ഞം. നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് തീരദേശ പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളികളെ തീരദേശ മേഖലയിൽ നിന്ന് നിയോഗിക്കുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ